ട്ടുള്ള ഒരു മൂവ്മെൻറ് ഉണ്ടായിട്ടുള്ളത് അത് നമ്മുടെ വനത്തിന് നാശമായിരിക്കും. ഏതായാലും അനധികൃതമായിട്ടുള്ള കൈയേറ്റം ഫോറസ്റ്റുകാരിൽ നിന്ന് ഉണ്ടാവുകയില്ല. എന്തെങ്കിലും തെറ്റായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം.

(5) മത്സ്യ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കുള്ള ക്ഷേമപദ്ധതി

ശ്രീ. വി ദിനകരൻ : സർ, അസംഘടിതമേഖലയിലെ തൊഴിലാളികളെ ഉദ്ദേശിച്ചുകൊണ്ടുള്ള കേരള ഡെത്ത്-കം-റിട്ടയർമെൻറ് ആനുകൂല്യങ്ങളും മത്സ്യവ്യവസായത്തിലെ മത്സ്യവിതരണം, സംസ്കരണം എന്നീ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുകൂടി ബാധകമാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇവർ യഥാർത്ഥ മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യം കിട്ടാത്തവരാണ്. ഇവരിൽ പീലിംഗ് ഷെഡ്ഡിലും ഐസ് പ്ലാൻറിലും ഫ്രീസിംഗ് പ്ലാൻറിലും കോൾഡ് സ്റ്റോറേജിലും പണിയെടുക്കുന്നവരുണ്ട്. മത്സ്യം ചുമക്കുന്നവരുണ്ട്. ഐസ് ഇടിക്കുന്നവരുണ്ട്. തലച്ചുമടായി മത്സ്യം കൊണ്ടുപോയി വിൽക്കുന്നവരുണ്ട്. സൈക്കിളിൽ ലോഡ് വച്ചുകെട്ടി ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി വില്ക്കുന്നവരുണ്ട്. ചെറുകിട മത്സ്യവ്യവസായികളുണ്ട്. ഇവർക്ക് സംരക്ഷണം കൊടുക്കുന്നതിന് ഇവരെ പുതിയ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഈ മത്സ്യത്തൊഴിലാളികൾക്ക് പ്രധാനമായും വെൽഫെയർ ഫണ്ട് സ്കീം ഇപ്പോൾ നിലവിലുണ്ട്. അതിൻെറ നിർവ്വചനത്തിൽപ്പെടാത്തവരും അതുപോലെ മറ്റേതെങ്കിലും വെൽഫെയർ ഫണ്ടിൻെറ പരിരക്ഷണത്തിൽ വരാത്തവരുമായ മത്സ്യത്തൊഴിലാളികളെക്കൂടി ഈ വിഭാഗത്തിലുൾപ്പെടുത്തുന്ന കാര്യം വളരെ അനുഭാവപൂർവ്വം ഗവൺമെൻറ് പരിഗണിക്കുന്നതാണ്.

(6) ആർ. എസ്. എസ്. കാരുടെ ആക്രമണം

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : സർ, ഇക്കഴിഞ്ഞ തിങ്കളാഴ്ച കലഞ്ഞൂർ ജംഗ്ഷനിൽ വച്ച് ഒരു വിഭാഗം ആർ. എസ്. എസ്. കാർ നടത്തിയ സായുധ ആക്രമണത്തിൻെറ ഫലമായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഡി. വൈ. എഫ്. ഐ. യുടെയും പല പ്രവർത്തകർക്കും ഗുരുതരമായ പരിക്ക് ഏല്പ്പിക്കുകയുണ്ടായി. പാർട്ടിയുടെ കോന്നി ഏരിയാ കമ്മിറ്റി അംഗം ശ്രീ. അച്യുതൻ നായർ, മറ്റംഗങ്ങളായ വി. ശിവൻകുട്ടി, ശശി, കർഷകത്തൊഴിലാളി യൂണിയൻ പ്രവർത്തകൻ മുരളി എന്നിവർക്കാണ് പരിക്കേറ്റത്. അച്യുതൻ നായരുടെ തലയിൽ ഗുരുതരമായ പരിക്കുണ്ട്. ശിവൻകുട്ടിയെ വെട്ടിയിട്ടു. അതുപോലെ ബോംബെറിഞ്ഞതുമൂലം മുഖത്ത് ഗുരുതരമായ പരിക്കുണ്ട്. എല്ലാവരും അതിഭീകരമായി മർദ്ദിക്കപ്പെട്ടു. സി. ഐ. റ്റി. യു. വിൻെറ നേതൃത്വത്തിലുള്ള 6 തൊഴിലാളികളുടെ തൊഴിൽ ബി. എം. എസ്സുകാർ തട്ടിയെടുക്കുന്നതിനുള്ള പരിശ്രമം നടത്തി. കഴിഞ്ഞ കുറെ വർഷങ്ങളായി സി. ഐ. റ്റി. യു. വിൽപ്പെട്ട ആറു തൊഴിലാളികളും, ഐ. എൻ. റ്റി. യു. സി. യിൽപ്പെട്ട ഏഴ് തൊഴിലാളികളുമാണ് അവിടെ പണിയെടുത്തിരുന്നത്. ആ തൊഴിൽ തട്ടിപ്പറിക്കാൻ വന്നതിനെ പ്രതിഷേധിച്ചതിൻെറ അടിസ്ഥാനത്തിലാണ് ആക്രമണം നടന്നത്. ആ ജംഗ്ഷന് സമീപം ഏനാദിമംഗലത്തുനിന്നും കൂടൽ, കലഞ്ഞൂർ പരിസര പ്രദേശങ്ങളിൽനിന്നും വന്നിട്ടുള്ള കുറെ ആർ. എസ്. എസ്സുകാർ കോയിക്കൽ സതീശൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്ന ആളിന്റെ വീട്ടിൽ ക്യാമ്പ് ചെയ്തിട്ടാണ് ഈ ആക്രമണം കരുതിക്കൂട്ടി ചെയ്തിട്ടുള്ളത്. കുറ്റവാളികളെ അറസ്റ്റു ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പോലീസ് അവിടെ വന്നെങ്കിലും കാര്യമായ നിലയിലുള്ള ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. അതുകൊണ്ട് കർശനമായ നടപടിയെടുക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ 27-ാം തീയതി തൊഴിൽസംബന്ധമായ ഒരു തർക്കമാണുണ്ടായത്, അവിടെ തൊഴിൽ ചെയ്തുവന്നിരുന്നത് സി. ഐ. ടി. യു. വിലും, ഐ. എൻ. ടി. യു. സി. യിലുംപെട്ട തൊഴിലാളികളാണ്. അവർ തൊഴിൽ ചെയ്യാൻ വിസമ്മതിച്ചതിനെത്തുടർന്ന് ബി. എം. എസ്സിലെ ആളുകളും അവിടെ തൊഴിൽ ചെയ്യാൻ മുന്നോട്ടു വന്നു. അവർ അവിടെ നിർബന്ധപൂർവ്വം ജോലി ചെയ്യുകയുണ്ടായി. അതു സാധാരണ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് വിപരീതമാണ്. ഇക്കാരണങ്ങളാൽ നേരത്തേയുണ്ടായിരുന്ന തൊഴിലാളികൾ അവരെ ചൊറുക്കുകയുണ്ടായി. അതിനെത്തുടർന്ന് സംഘട്ടനമുണ്ടായി. സി. ഐ. റ്റി. യു. വിന്റെ പ്രവർത്തകർക്ക് പരിക്കുപറ്റി അവർ ആശുപത്രിയിലാണ്. ബി. എം. എസ്സിന്റെ 3 പ്രവർത്തകർക്ക് പരിക്കേറ്റു അവരും മറ്റൊരു ആശുപത്രിയിൽ കിടക്കുകയാണ്. ഇത് സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർച്ചയായി തൊഴിലെടുക്കുന്ന തൊഴിലാളികളെ മാറ്റിനിറുത്തിയിട്ട് ഏതെങ്കിലും വിധത്തിലുള്ള അക്രമങ്ങൾകൊണ്ട് തൊഴിൽ ചെയ്യാനുള്ള ശ്രമത്തെ ന്യായീകരിക്കാൻ നിവൃത്തിയില്ല. ഈ രണ്ടു കാര്യത്തിലും ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്.

(7) ചേന്ദമംഗലം പാലത്തിന്റെ പണി

(ശ്രീ. എ. സി. ജോസ് : സർ, 1938-ൽ പണി തീർന്ന ചേന്ദമംഗലം പാലം ഇന്ന് വളരെ ബുദ്ധിമുട്ടിലായിത്തീർന്നിരിക്കുന്നു. കോട്ടപ്പുറം പാലം തുറന്നതോടുകൂടി അതുവഴിയുള്ള ഗതാഗതം വളരെ കൂടിയിരിക്കുകയാണ്. ചേന്ദമംഗലം പ്രദേശത്തെ പറവൂരുമായും ആലുവാ പ്രദേശത്തെ കോട്ടപ്പുറംപോലുള്ള പ്രദേശങ്ങളുമായും ബന്ധിപ്പിക്കുന്ന പാലം കുറെക്കാലമായി പുതുക്കിപ്പണിയാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവസാനം ഗവൺമെന്റ് നിർദ്ദേശ പ്രകാരം ടെൻഡർ വിളിക്കുകയും ടെൻഡർ ഇവിടെ വരികയും ചെയ്തിട്ടുണ്ട്. പക്ഷേ ഇതിനോടകം തന്നെ ഈ പാലം ഉപയോഗയോഗ്യമല്ലാതായിത്തീർന്നിരിക്കുകയാണ്. മൂന്നു നാല് വർഷക്കാലം കൊണ്ട് മാത്രമേ പുതിയ പാലത്തിന്റെ പണി തീരുകയുള്ളൂ. അതുകൊണ്ട് ഇപ്പോഴത്തെ നിലവിലുള്ള പാലം ടെമ്പററിയായി നന്നാക്കി ഉപയോഗയോഗ്യമാക്കുന്നതിനാവശ്യമായ നടപടികൾ ആവുന്നത്ര വേഗം സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. പുതിയ ടെൻഡർ വിളിച്ചിരിക്കുന്നതിൽ ഗവൺമെന്റ് അനുവാദം കൊടുത്ത് അതിന്റെ പണി ആരംഭിക്കുകയും ചെയ്യണം. ഈ പാലത്തെ ടെമ്പററിയായി പണി ചെയ്ത് ഉപയോഗയോഗ്യമാക്കിയില്ലെങ്കിൽ യാതൊരു കാരണവശാലും അങ്ങോട്ടുമിങ്ങോട്ടും ഗതാഗതം നടക്കുകയില്ല. അതുകൊണ്ട് ഇപ്പോഴുള്ള പാലത്തിന് അറ്റകുറ്റപണികൾ നടത്തി ആവുന്നത്ര വേഗം അത് ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ടെൻഡർ സ്വീകരിച്ച പുതിയ പാലം പണിയുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly